പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ഇന്ദിരാ ആവാസ് യോജന

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1388 — 02.07.2015 ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>" വർക്കല കഹാർ<br>" സി.പി.മുഹമ്മദ്<br>" സണ്ണി ജോസഫ് | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) ഇന്ദിരാ ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) ഗ്രാമീണമേഖലയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങൾക്ക് ഭവനനിർമ്മാണ/പുനരുദ്ധാരണ ധനസഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ). വീടുവയ്ക്കാനാവശ്യമായ ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ഗ്രാമസഭകളിലൂടെയാണ്. ഈ പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് 70,000/-രൂപയാണ്. ഈ തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾ 75:25 അനുപാതത്തിൽ വകയിരുത്തുന്നു. |
| (ബി) പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്ന സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;<br>(സി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ഐ.എ.വൈ. പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ബി) യും (സി) യും കേന്ദ്രം നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് 70,000/-രൂപയാണെങ്കിലും ഈ സർക്കാർ അത് 2,00,000/-(എസ്.സി, ജനറൽ) 2,50,000/-(എസ്.റ്റി) ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്ക് കണ്ടെത്തുന്നതിന് ആവശ്യമായ തുകയിൽ 50,000/-രൂപ സംസ്ഥാന സർക്കാർ അധിക ധനസഹായമായി നൽകുന്നുണ്ട്. ബാക്കി തുക ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകൾ 25:40:35 അനുപാതത്തിൽ കേരള വികസന പദ്ധതിയിൽ ലഭിക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്തുന്നു. ഭവന പുനരുദ്ധാരണത്തിന് 15,000/- രൂപയും ഭൂമി വാങ്ങുന്നതിന് 10,000/- രൂപയുമാണ് ടി പദ്ധതി പ്രകാരം നൽകുന്നത്. |

സെക്ഷൻ ഓഫീസർ